(സി) മൈക്രോസോഫ്റ്റിന് പകരം ഈ ഉത്തരവാദിത്വം ആരെയാണ് ഏൽപ്പിക്കുന്നത് ;

(ഡി) സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നത് സംബന്ധിച്ച ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഈ സമിതിയിലെ അംഗങ്ങൾ ആരെല്ലാം ; ഇവർക്ക് കമ്പ്യൂട്ടർ എഡ്യൂക്കേഷനിലോ, മാനേജ്മെന്റിലോ പ്രായോഗിക പരിചയം ഉള്ളവരാണോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ; ഇവർക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിലുള്ള യോഗ്യത എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം ആരംഭിക്കുന്നതിന് വിദേശ മലയാളികളിൽ നിന്നും കമ്പ്യൂട്ടറുകൾ ഇതുവരെ ലഭിച്ചിട്ടില്ല. ഇവ ലഭിക്കാനുള്ള സാദ്ധ്യതകൾ ആരാഞ്ഞു വരുന്നുണ്ട്.

(ബി) കഴിഞ്ഞ വർഷം മൈക്രോസോഫ്റ്റിന്റെ മുൻകൈയോടെ 1000 അദ്ധ്യാപകർക്ക് വിവിധ പോളിടെക്നിക്കുകളിൽ വച്ച് 5 ദിവസത്തെ പരിശീലനം നൽകിയിട്ടുണ്ട്. ഐ.ടി. അറ്റ് സ്കൂളിന്റെ മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം "ഇന്റൽ " എന്ന കമ്പനിയുടെ പരിശീലന മോഡ്യൂളിനെ ആസ്പദമാക്കിയാണ് നടത്തുന്നത്. ഇതാകട്ടെ മൈക്രോസോഫ്റ്റിന്റെ പങ്കാളിത്തമുള്ള ഒന്നാണ് താനും.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഐ.ടി.അറ്റ് സ്കൂളിന് വിദ്യാഭ്യാസമന്ത്രി ചെയർമാനായുള്ള വിദഗ്ധ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വിദഗ്ധരും വിദ്യാഭ്യാസ വിദഗ്ധരുമടങ്ങുന്നതാണ് ഈ വിദഗ്ധ സമിതി. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് മേശപ്പുറത്തു വയ്ക്കുന്നു.†

ചോദ്യപേപ്പർ അച്ചടി

95 (641) ശ്രീ. പി. ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മുതൽ 2000 വരെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുള്ള ചോദ്യ പേപ്പർ അച്ചടിച്ചത് എവിടെയാണ് ;

(ബി) 2001 മാർച്ചിലെ എസ്.എസ്.എൽ.സി.ക്കുള്ള ചോദ്യ പേപ്പർ അച്ചടിച്ചത് എവിടെയുള്ള പ്രസ്സിലാണ് ;

(സി) ഈ തവണ പ്രസ്സ് മാറുവാനുണ്ടായ കാരണം വെളിപ്പെടുത്തുമോ ;

(ഡി) 2001 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ അച്ചടിച്ച് എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും എത്തിച്ചതിന്റെ വിദ്യാഭ്യാസ ജില്ലാടി സ്ഥാനത്തിലുള്ള തീയതി വ്യക്തമാക്കുമോ ;

---

†അനുബന്ധം -X

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചോദ്യ കടലാസ് പരീക്ഷാ കേന്ദ്രങ്ങളിലെത്തിക്കുവാനുള്ള കാല താമസത്തിന് കാരണം വ്യക്തമാക്കുമോ ;

(എഫ്) 2001 മാർച്ചിലെ എസ്എസ്എൽ.സി. പരീക്ഷയുടെ ഉത്തരമെഴുതുവാനുള്ള ഷീറ്റുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ചതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള തീയതി വെളിപ്പെടുത്തുമോ ;

(ജി) മുൻ വർഷങ്ങളിൽ മാർച്ചിൽ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷക്കുള്ള ചോദ്യക്കടലാസും ഉത്തരഷീറ്റും വിതരണം പൂർത്തിയാക്കാറുള്ളത് ഏത് കാലയളവിലാണ്;

(എച്ച്) 1995 മുതൽ 2000 വരെയുള്ള വർഷങ്ങളിൽ മാർച്ച് മാസത്തിൽ നടക്കേണ്ട എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരഷീറ്റ് പരീക്ഷാ സെന്ററുകളിലെത്തിച്ച അവസാന തീയതി ഏതെന്ന് വെളിപ്പെടുത്തുമോ ;

(ഐ) 2001 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുള്ള ഉത്തരഷീറ്റുകൾ പരീക്ഷാ സെന്ററുകളിൽ എത്തിക്കുവാൻ ഉണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) എസ്.എസ്.എൽ.സി. പരീക്ഷാ ചോദ്യ പേപ്പർ തയ്യാറാക്കലും അച്ചടിയും രഹസ്യ സ്വഭാവം ഉള്ളതായതിനാൽ വെളിപ്പെടുത്താൻ കഴിയുകയില്ല.

(ഡി) എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യ പേപ്പറുകൾ പരീക്ഷ തുടങ്ങുന്നതിനു മൂന്നു ദിവസങ്ങൾക്കു മുമ്പ് മാത്രമേ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കാറുള്ളു.

(ഇ) ചോദ്യക്കടലാസ് പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

(എഫ്)

കാസർഗോഡ്,കാഞ്ഞങ്ങാട്, കണ്ണൂർ, തലശ്ശേരി	:	4-11-2000
മലപ്പുറം, പാലക്കാട്	:	26-12-2000
കോഴിക്കോട്	:	20-11-2000
കോട്ടയം	:	28-11-2000
തിരൂർ	:	28-12-2000
തൃശ്ശൂർ, ഇരിങ്ങാലക്കുട, ആലുവ,എറണാകുളം	:	20-12-2000
വടകര, മലപ്പുറം	:	4-12-2000
വയനാട്	:	20-11-2000
മൂവാറ്റുപുഴ, കോതമംഗലം	:	15-12-2000

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	:	18-12-2000
ഒറ്റപ്പാലം	:	26-12-2000
തൊടുപുഴ, കാഞ്ഞിരപ്പള്ളി, പാലാ	:	31-1-2001
ആലപ്പുഴ, ചേർത്തല	:	3-1-2001
മാവേലിക്കര	:	31-1-2001
തിരുവല്ല	:	6-2-2001
കൊല്ലം	:	17-2-2001
പത്തനംതിട്ട, കൊട്ടാരക്കര,	:	5-2-2001

ശേഷിക്കുന്ന നാലു ജില്ലകളിൽ ഫെബ്രുവരിയിൽ തന്നെ വിതരണം ചെയ്യുന്നതാണ്.

(ജി & എച്ച്) സാധാരണയായി എസ്.എസ്.എൽ.സി. പരീക്ഷക്കുള്ള ഉത്തരക്കടലാസുകളുടെ വിതരണം നവംബർ മാസം ആരംഭിച്ച് അടുത്ത വർഷം ഫെബ്രുവരി മാസം അവസാനത്തെ ആഴ്ചയോടെ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്. ചോദ്യ പേപ്പറുകൾ പരീക്ഷാ തുടങ്ങുന്നതിന് മൂന്നു ദിവസങ്ങൾക്കു മുമ്പ് മാത്രമേ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കാറുള്ളു.

(ഐ) ഉത്തരക്കടലാസുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ

96 (643) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് എൻ.സി.ടി.ഇ.യുടെ അംഗീകാരം ആവശ്യമുണ്ടോ ;

(ബി) എൻ.സി.ടി.ഇ. നിർദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ ;

(സി) പുതിയ തസ്തിക അനുവദിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് അടുത്ത വർഷം അംഗീകാരം പിൻവലിക്കുമെന്ന് എൻ.സി.ടി.ഇ. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly